ശ്രീമതി രാധമ്മ, പൗഡിക്കോണം സമർപ്പിച്ച പെൻഷൻ അപേക്ഷ

318 (1744) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിൽ ശ്രീകാര്യം സോണൽ ഓഫീസിൽ ശ്രീമതി രാധമ്മ, കഴിക്കാട്ടുവീട്, പൗഡിക്കോണം പി.ഒ, ഫയൽ നമ്പർ 9380/2013 പ്രകാരം 30-12-2013-ൽ സമർപ്പിച്ച വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ; ഇല്ലെങ്കിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പെൻഷൻ അനുവദിച്ചതായിട്ടുള്ളതോ നിരസിച്ചതായിട്ടുള്ളതോ ആയ അറിയിപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട നഗരങ്ങൾ

319 (1745) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച സ്മാർട്ട് സിറ്റി പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) ടി പദ്ധതിയിൽ സംസ്ഥാനത്തെ പരമാവധി നഗരങ്ങളെ ഉൾപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തേണ്ട 100 നഗരങ്ങളുടെ പ്രാഥമിക ലിസ്റ്റ് കേന്ദ്ര സർക്കാർ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളെ കേന്ദ്രീകരിച്ചുള്ള അർബൻ അഗ്ലോമറേഷനുകളും, മലപ്പുറം, കണ്ണൂർ നഗരസഭകളെ കേന്ദ്രീകരിച്ചുള്ള നഗര അഗ്ലോമറേഷനുകളും സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രാഥമിക പട്ടികയിൽ യോഗ്യത നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 100 പട്ടണങ്ങളിൽ 30 എണ്ണം പ്രാഥമിക യോഗ്യത പരിഗണിച്ച് തെരഞ്ഞെടുക്കപ്പെടുകയും അവയ്ക്ക് ഇന്റഗ്രേറ്റഡ് സിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് അവസരം ലഭിക്കുമെന്നും പ്ലാൻ സമർപ്പിക്കുന്നവയിൽ നിന്നും 10-15 പട്ടണങ്ങൾക്ക് ആദ്യ വർഷം സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ആദ്യ വർഷം സഹായം ലഭിക്കുന്ന പട്ടണങ്ങളുടെ ലിസ്റ്റിൽ സംസ്ഥാനത്തെ ഒരു പട്ടണമെങ്കിലും ഉൾപ്പെടുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly